LIBRARY ARCHIVES Kerala Legislative Assembly

ഫയലുകൾ കാണാതായ സംഭവം

11(5591) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ രണ്ട് ഓഫീസർമാർക്ക് നിയമവിരുദ്ധമായി പ്രൊമോഷൻ നൽകിയതുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായ സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടന്നിട്ടുണ്ടോ ; അന്വേഷണത്തിൽ ഫയലുകൾ കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക അന്വേഷണം നടന്നിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ ഫയലുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രാഥമിക അന്വേഷണ റിപ്പോർട്ട് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി താലൂക്കിൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം കൈപ്പറ്റിയവർ

12(5592) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ ചികിത്സാ ധനസഹായം 50,000 രൂപയും അതിന് മുകളിലും ഒരു ലക്ഷം രൂപയും കൈപ്പറ്റിയ എത്ര പേർ കൊയിലാണ്ടി താലൂക്കിൽ ഉണ്ടെന്നും ഇവരുടെ പേര്, വിലാസം എന്നിവയും വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് കൊയിലാണ്ടി താലൂക്ക് ഓഫീസിലെ രേഖകളുടെ അടിസ്ഥാനത്തിൽ ഇവരുടെ പട്ടിക ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപയും അതിനു മുകളിൽ ഒരു ലക്ഷം രൂപയും കൈപ്പറ്റിയ 184 പേർ ഉണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.